നടത്തിപ്പിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എൻ.എച്ച്.എം., സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, മറ്റ് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ അവലോകനം ചെയ്യുന്നു. ഇങ്ങനെ വളരെ ശാസ്ത്രീയമായും ഏറ്റവും മികച്ച രീതിയിലുമാണ് കേരളത്തിൽ വാക്സിനേഷൻ നടക്കുന്നത്.

(സി) സംസ്ഥാനത്ത് വാക്സിനേഷൻ പൂർത്തീകരിക്കുന്നതിന് എത്രമാത്രം വാക്സിൻ ഇനിയും ആവശ്യമായി വന്നേക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വാക്സിനേഷൻ പൂർത്തിയാക്കുന്നതിന് 35193824 ഡോസ് കോവിഡ് വാക്സിൻ ആവശ്യമാണ് (ഡോസ് 1-ന് 13986851 ഡോസും ഡോസ് 2-ന് 21206973 ഡോസും). സംസ്ഥാനത്തിന് ആവശ്യമായ കൂടുതൽ ഡോസുകളെക്കുറിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും പ്രതിമാസം 90 ലക്ഷം ഡോസുകൾ ആവശ്യപ്പെടുകയും ചെയ്തു. സ്വകാര്യ മേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25 ശതമാനം ദേശീയ കവാട്ടയിൽനിന്ന് പരമാവധി വാക്സിനുകൾ വാങ്ങുന്നതിന് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നു. വാക്സിനേഷൻ ഉൽപ്പാദനവും സംസ്ഥാനത്ത് പരിശോധിക്കുന്നുണ്ട്.

**കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ പട്ടിക**

246 (1612) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ പേര് ഉൾപ്പെടുത്തിയ പട്ടിക പ്രസിദ്ധീകരിക്കുന്നത് ഏതെങ്കിലും സാഹചര്യത്തിൽ നിർത്തിവച്ചിരുന്നോയെന്ന് വിശദമാക്കുമോ;

&

(ബി) പേര് ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിക്കുന്നത് നിർത്തിവയ്ക്കാൻ ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

2021 ജൂൺ 16 മുതൽ മരണപ്പെടുന്ന വ്യക്തികളുടെ പേരുവിവരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. മുമ്പ് മരണപ്പെട്ടവരുടെ സ്വകാര്യത മുൻനിർത്തി പേരുവിവരം ഒഴിച്ച് ജില്ല, വയസ്സ്, മരണപ്പെട്ട ദിവസം എന്നിവ മാത്രമാണ് ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിരുന്നത്.

(സി) മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്താതെ അവ്യക്തമായ പട്ടിക പ്രസിദ്ധീകരിച്ചതിലൂടെ ധാരാളം പേർക്ക് കോവിഡ് മരണങ്ങളുടെ ഭാഗമായി കിട്ടേണ്ട നഷ്ടപരിഹാരം നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ മരണപ്പെട്ടവരുടെ പേര് ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും നിർദ്ദേശം ഇതുവരെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. 2021 ജൂൺ 15 വരെ കോവിഡ് മരണം സ്ഥിരീകരിച്ചവരുടെ വിവരം ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ലഭ്യമാണ്. അതിനുശേഷമുള്ളവരുടെ വിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിലുണ്ട്.

(ഡി) കോവിഡ് മരണങ്ങളുടെ കാര്യത്തിൽ കൃത്യമായ കണക്ക് ഏതെങ്കിലും സർക്കാർ ഏജൻസിയുടെ കൈവശമുണ്ടോ; കൃത്യമായ കണക്ക് ഇനി എപ്രകാരം കണ്ടെത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

കോവിഡ്മൂലം മരണപ്പെടുന്ന രോഗികളുടെ പേരും മറ്റ് വിശദാംശങ്ങളും 2021 ജൂൺ 16 മുതൽ ആരോഗ്യ വകുപ്പ് വെബ്സൈറ്റിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനുമുൻപ് മരണപ്പെട്ടവരുടെ പേര് ഒഴികെയുള്ള വിശദാംശങ്ങളും ആരോഗ്യ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

**കോവിഡ് മരണങ്ങളുടെ കണക്ക്**

247 (1613) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എന്നാൽ സംസ്ഥാനതലത്തിൽ ഒഴിവാക്കപ്പെട്ടതുമായ കോവിഡ് മരണങ്ങളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ഇപ്രകാരമുള്ള എത്ര മരണങ്ങൾ നടന്നിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

&